# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2** **09.06.2014- ലെ മറുപടിക്ക്**

### 'മിഷൻ 676'

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ വികസന സങ്കൽപമായ "മിഷൻ 676" ന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) | സംസ്ഥാനത്ത് പുതിയ വികസന സങ്കൽപമായ "മിഷൻ 676" ന് രൂപം നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി നൽകുന്നു. |
| (ബി) | ഇവയുടെ ഫണ്ട് ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ടോ ; | (ബി) | നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഇവയുടെ നടത്തിപ്പ്, അവലോകനം എന്നിവ സമയ ബന്ധിതമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതികളുടെ നിർവ്വഹണ പുരോഗതി ബന്ധപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും വിലയിരുത്തുന്നതാണ്. ഇതിനുപുറമേ സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാനും ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശങ്ങളും ശുപാർശയും നല്കുന്നതാണ്. 12-ാം പഞ്ചവത്സര പദ്ധതി (2012-2017) യുടെ 3-ാം വർഷത്തെ (2014-2015) പ്രോഗ്രാം സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള (ജനുവരി, 2014) 'സമ്മറി ഡോക്കുമെന്റ്'ൽ പദ്ധതികളും അവ നടപ്പിലാക്കുന്ന ഏജൻസികളേയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരേയും സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ സമ്മറി ഡോക്കുമെന്റ് ബജറ്റ് രേഖയുടെ ഭാഗമാണ്. ഡോക്കുമെന്റ് അനുസരിച്ച് പദ്ധതികൾ അവലോകനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.